Mathrubhumi മാതൃഭൂമി 13 November 2021

# ഇന്ത്യ ലോകത്തിന്റെ വിശ്വസ്ത വ്യാപാര പങ്കാളിയാകും

**കൊച്ചി▸** ആത്മനിർഭർ ഭാരത് ദൗത്യത്തിലൂടെ ഇലക്ട്രോണിക്സ്, സാങ്കേതികവിദ്യ എന്നിവ ഉൾപ്പെടെയുള്ള മേഖലകളിൽ ഇന്ത്യ ലോകത്തിലെ ഏറ്റവും വിശ്വസ്തരായ വ്യാപാര പങ്കാളികളായി മാറുമെന്ന് കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ. 'ആത്മനിർഭർ ഭാരത്: ആത്മവിശ്വാസമുള്ള പുതിയ ഇന്ത്യയെക്കുറിച്ചുള്ള കാഴ്ചപ്പാട്' എന്ന വിഷയത്തിൽ കൊച്ചിയിലെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടി (സി.എം.എഫ്.ആർ.ഐ.) ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പെട്രോളിയം ഉത്പന്നങ്ങൾ കഴിഞ്ഞാൽ ലോകത്ത് ഏറ്റവുമധികം വ്യാപാരം ചെയ്യപ്പെടുന്നത് ഇലക്ട്രോണിക്സാണ്. 1.5 ലക്ഷം കോടി ഡോളറാണ് ഇതിന്റെ വാർഷിക വ്യാപാരം. ഇതിൽ പകുതിയിലേറെയും ഉത്പാദിപ്പിച്ചിരുന്നത് ചൈനയാണ്. എന്നാൽ, കോവിഡ് പ്രതിസന്ധിയിൽ ചൈനയിൽനിന്നുള്ള ലഭ്യത കുറഞ്ഞതോടെ, ആഗോളതലത്തിൽ ദൗർലഭ്യമുണ്ടായിരിക്കുകയാണ്. ചൈനയെ മാത്രം ആശ്രയിക്കുന്നത് അപകടമാണെന്നു ലോക രാജ്യങ്ങൾ മനസ്സിലാക്കിയെന്നും അദ്ദേഹം പറഞ്ഞു.

2020 മാർച്ചിൽ കോവിഡ് മഹാമാരി പടർന്നുപിടിച്ചപ്പോൾ രാജ്യമെങ്ങും ലോക്ഡൗണിലേക്ക് നീങ്ങി. അപ്പോൾ വലിയ ആക്ഷേപമാണ് കേന്ദ്ര സർക്കാരിനെതിരേ ഉയർന്നത്. 2020-21 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഇന്ത്യ ഉൾപ്പെടെയുള്ള സമ്പദ്ഘടനകളുടെ വളർച്ച കീഴ്പ്പോട്ടായി. ഇന്ത്യൻ സമ്പദ്ഘടന തിരിച്ചുകയറാൻ സമയമെടുക്കുമെന്നായിരുന്നു പൊതുവെ വിലയിരുത്തപ്പെട്ടത്. എന്നാൽ, 20 ശതമാനം വളർച്ചയുമായി ഇന്ത്യ അതിവേഗത്തിൽ തന്നെ തിരിച്ചുകയറി. 100 കോടി കോവിഡ് വാക്സിനുകൾ വിതരണം ചെയ്തു. ഈ കാലയളവിൽ ലോകത്തിൽ ഏറ്റവുമധികം നേരിട്ടുള്ള വിദേശ നിക്ഷേപം ആകർഷിക്കാനും ഇന്ത്യക്ക് കഴിഞ്ഞു - കേന്ദ്രമന്ത്രി വ്യക്തമാക്കി. സി.എം.എഫ്.ആർ.ഐ. ഡയറക്ടർ എ. ഗോപാലകൃഷ്ണൻ, എ. ജയകുമാർ എന്നിവർ പ്രസംഗിച്ചു.

## വൈദ്യുത വാഹന മേഖലയിലെ സ്റ്റാർട്ട്അപ്പുകൾക്ക് കേരളം അനുയോജ്യം

**കൊച്ചി▸** വൈദ്യുത വാഹന മേഖലയിലും ഇലക്ട്രോണിക്സ് ഡിസൈൻ മേഖലയിലും കേരളത്തിലെ സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾക്ക് വലിയ സാധ്യതയുണ്ടെന്ന് കേന്ദ്ര സംരംഭകത്വ-നൈപുണ്യ വികസന, ഇലക്ട്രോണിക്സ്-ഐ.ടി. സഹമന്ത്രി രാജീവ് ചന്ദ്രശേഖർ പറഞ്ഞു. കളമശ്ശേരിയിൽ കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ ടെക്നോളജി ഇന്നൊവേഷൻ സോണിലുള്ള മേക്കർവില്ലേജ് സന്ദർശിക്കുകയായിരുന്നു അദ്ദേഹം.

സോഫ്റ്റ്വേർ മേഖലയിലാണ് രാജ്യത്തെ ഭൂരിഭാഗം സ്റ്റാർട്ട്അപ്പുകളും. അതിനാൽ കെ.എസ്.യു.എമ്മിലെ ഇലക്ട്രോണിക് ഹാർഡ്വേർ ഇൻകുബേറ്റർ എന്ന നിലയിലുള്ള മേക്കർവില്ലേജിന് ഏറെ സംഭാവനകൾ നൽകാനാകും. തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഇലക്ട്രോണിക് ചിപ്പുകൾ ഉപയോഗിച്ച് മികച്ച ഇലക്ട്രോണിക് സിസ്റ്റം രൂപകല്പന ചെയ്യാൻ സംരംഭകർക്ക് സാധിക്കണം. ഈ മേഖലയിൽ സാമ്പത്തിക സഹായം നൽകാൻ കേന്ദ്രസർക്കാർ തയ്യാറാണെന്നും മന്ത്രി വ്യക്തമാക്കി.

ആശയങ്ങളിലും മാതൃകകളിലും ഒതുങ്ങിപ്പോകാതെ ഉത്പന്നം വിപണിയിലേക്കിറക്കുന്നതിന് സംരംഭകർ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കേരള സ്റ്റാർട്ട്അപ്പ് മിഷൻ, മേക്കർവില്ലേജ്, ഐ.ഐ.ഐ.ടി.എം.-കെ, കേരള ഡിജിറ്റൽ സർവകലാശാല എന്നിവയുടെ മേധാവികൾ, സംരംഭകർ തുടങ്ങിയവരുമായി മന്ത്രി ആശയവിനിമയം നടത്തി. കേരള സ്റ്റാർട്ട് അപ്പ് മിഷൻ, മേക്കർവില്ലേജ്, കേരള ഡിജിറ്റൽ സർവകലാശാല, സി.എം.ഇ.ടി. തൃശ്ശൂർ എന്നിവ സംയുക്തമായി ഒരുക്കുന്ന ഇൻറർനെറ്റ് ഓഫ് തിങ്സ് (ഐ.ഒ.ടി.) മികവിന്റെ കേന്ദ്രം മന്ത്രി സന്ദർശിച്ചു.

കെ.എസ്.യു.എം. സി.ഇ.ഒ. ജോൺ എം. തോമസ്, മേക്കർവില്ലേജ് സി.ഇ.ഒ. നിസാമുദ്ദീൻ മുഹമ്മദ്, കേരള ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, ഐ.ഐ.ഐ.ടി.എം.- കെ ചെയർമാൻ മാധവൻ നമ്പ്യാർ, മുൻ കേന്ദ്ര ടെലികോം സെക്രട്ടറി അരുണ സുന്ദരരാജൻ, കെ.എസ്.ഐ.ടി.ഐ.എൽ. എം.ഡി. സന്തോഷ് ബാബു തുടങ്ങിയവർ പങ്കെടുത്തു.




▶ കൊച്ചി കളമശ്ശേരിയിലെ കേരള സ്റ്റാർട്ട്അപ്പ് മിഷൻ സന്ദർശിച്ച കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖറിന് സാനിറ്റൈസർ നൽകുന്ന 'സായ' റോബോട്ട്